**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ.HARITHA V KUMAR)

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – പൊതുസ്ഥലം മാറ്റം 2025 - വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ജി.ഒ. (പി) നം. 03/2017/ പി & എ.ആർ.ഡി. തീയതി : 25/02/2017
2. വനിത ശിശുവികസന ഡയറക്ടറുടെ 01/02/2025 ലെ DWCD/86/2025-E1 നം വിജ്ഞാപനം
3. വനിത ശിശുവികസന ഡയറക്ടറുടെ 13/02/2025 ലെ DWCD/86/2025-E1 നം പരിപത്രം
4. വനിത ശിശുവികസന ഡയറക്ടറുടെ 20/02/2025 ലെ DWCD/86/2025-E1 നം പരിപത്രം
5. വനിത ശിശുവികസന ഡയറക്ടറുടെ 07/05/2025 ലെ ഇതേ നം നടപടിക്രമം

**ഉത്തരവ് നം. DWCD/1637/2025-E9 തീയതി: 06-06-2025**

വനിത ശിശുവികസന വകുപ്പിലെ ജീവനക്കാരിൽ നിന്നും 2025-ലെ പൊതുസ്ഥലം മാറ്റത്തിനായി പരാമർശം (2), (3), (4) പ്രകാരമുള്ള വിജ്ഞാപനത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലെ ജീവനക്കാരിൽ നിന്നും ഓൺലൈൻ മുഖേന ലഭിച്ച അപേക്ഷകൾ പരിഗണിച്ചും ഭരണപരമായ സൗകര്യം കണക്കിലെടുത്തും സ്ഥലം മാറ്റം നൽകുന്നതിനായി ഉത്തരവിന്റെ കരട് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ കരടിന്മേൽ ആക്ഷേപങ്ങൾ /പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ നിലവിലെ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡപ്രകാരം അർഹമായ അപേക്ഷകൾ പരിഗണിച്ച് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്ര നം | ജീവനക്കാരുടെ പേര്, പെൻ നമ്പർ, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സ്ഥലം മാറ്റം അനുവദിക്കുന്ന കാര്യാലയം | അഭിപ്രായം | പൂർണ്ണ അധിക ചുമതല ഏറ്റെടുക്കേണ്ട ഉദ്യോഗസ്ഥർ |
|---|---|---|---|---|
| 1. | ശ്രീമതി സൗമ്യ ആർ (452561) വുമൺ പ്രൊട്ടക്ഷൻ ഓഫീസ് ആലപ്പുഴ | വുമൺ പ്രൊട്ടക്ഷൻ ഓഫീസ് തൃശ്ശൂർ | ഭരണപരം | ശ്രീമതി.കാർത്തിക എസ്.ആർ ശിശുവികസന പദ്ധതി ഓഫീസർ ആലപ്പുഴ അർബൻ |
| | | | | |

| | | | | |
|---|---|---|---|---|
| 2. | ശ്രീമതി മായ എസ്. പണിക്കർ (237235) വുമൺ പ്രൊട്ടക്ഷൻ ഓഫീസ് തൃശ്ശൂർ | വുമൺ പ്രൊട്ടക്ഷൻ ഓഫീസ് ആലപ്പുഴ | അപേക്ഷ | ശ്രീമതി.സുധർമ്മിണി.ജി ശിശുവികസന പദ്ധതി ഓഫീസർ പുഴയ്ക്കൽ അഡീഷണൽ |

സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ ഉടൻ പ്രാബല്യത്തിൽ ചുമതല ഏറ്റെടുക്കേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അധിക ചുമതല ഏറ്റെടുക്കുന്ന ജീവനക്കാർക്ക് സ്ഥലംമാറ്റം ലഭിക്കുന്ന പക്ഷം പകരം വരുന്ന ജീവനക്കാർ പ്രസ്തുത അധിക ചുതല ഏറ്റെടുക്കേണ്ടതാണ്. ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്കും പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ല വനിത ശിശുവികസന ഓഫീസർമാർ
3. സൂപ്രണ്ട്, ഐ.റ്റി. സെൽ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Signed by സൂപ്രണ്ട്
Chithra T
Date: 06-06-2025 15:06:31